**കേരള സർക്കാർ**

**സംഗ്രഹം**

**തദ്ദേശ സ്വയംഭരണ വകുപ്പ് - കോഴിക്കോട് ജില്ല- കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്ത് വക സ്ഥലത്തിന്റെ പൂർണ്ണമായ ഉടമസ്ഥാവകാശം രജിസ്ട്രേഷൻ വകുപ്പിന് വിട്ടുനൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ. (സാധാ)നം. 2547/2012/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, 7-9-2012

---

**പരാമർശം :-**

1. സ.ഉ. (സാധാ) നം. 3528/2007/തസ്വഭവ തീയതി 28-12-07
2. കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്തിന്റെ 5-7-12 ലെ VII നമ്പർ തീരുമാനം
3. കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 7-8-12 ലെ എ1.4375/12 നമ്പർ കത്ത്

**ഉത്തരവ്**

പരാമർശം (1) ലെ സർക്കാർ ഉത്തരവു പ്രകാരം കൂരാച്ചുണ്ട് വില്ലേജിൽ സ.നം. 144/3, 143/1 ൽപ്പെട്ട 10 സെന്റ് സ്ഥലം പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ നിലനിറുത്തി സബ് രജിസ്ട്രാർ ഓഫീസ് നിർമ്മിക്കുന്നതിന് രജിസ്ട്രേഷൻ വകുപ്പിന് വിട്ടുകൊടുക്കുന്നതിന് പഞ്ചായത്തിന് അനുമതി നൽകി ഉത്തരവായിരുന്നു. പരാമർശം (2), (3) പ്രകാരം പ്രസ്തുത സ്ഥലത്തിന്റെ പൂർണ്ണമായ ഉടമസ്ഥാവകാശം ട്രഷറി വകുപ്പിന് വിട്ടുകൊടുക്കാൻ അനുമതി നൽകണമെന്ന് ഗ്രാമ പഞ്ചായത്ത് തീരുമാനമെടുത്ത് സർക്കാരിൽ അപേക്ഷിച്ചിരിക്കുന്നു.

മേൽ സാഹചര്യത്തിൽ കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കൂരാച്ചുണ്ട് വില്ലേജ് സർവേ 143/1, 144/3 ൽപ്പെട്ട 10 സെന്റ് സ്ഥലത്തിന്റെ പൂർണ്ണമായ ഉടമസ്ഥാവകാശം അത് സബ്-രജിസ്ട്രാർ ഓഫീസ് നിർമ്മിക്കുന്നതിന് വേണ്ടി മാത്രമേ ഉപയോഗിക്കാവൂയെന്നും വല്ല കാരണവശാലും കെട്ടിട നിർമ്മാണം നിലയ്ക്കുകയോ രജിസ്ട്രാർ ഓഫീസ് പ്രവർത്തനം ഇല്ലാതാവുകയോ ചെയ്താൽ അത് പഞ്ചായത്തിന് തിരികെ ഏൽപ്പിക്കണമെന്ന വ്യവസ്ഥയ്ക്ക് വിധേയമായി രജിസ്ട്രേഷൻ വകുപ്പിന് വിട്ടുനൽകുന്നതിന് കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്തിന് അനുമതി അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
എൻ ആർ. ശ്രീലേഖ
അണ്ടർ സെക്രട്ടറി.

**To**

ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, LBA&A , തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽഫണ്ട് ആഡിറ്റ്, തിരുവനന്തപുരം
ഇൻസ്പെക്ടർ ജനറൽ ഓഫ് രജിസ്ട്രേഷൻ, വഞ്ചിയൂർ പി.ഒ, തിരുവനന്തപുരം
സെക്രട്ടറി, കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്ത് , കോഴിക്കോട്-673 527
ജില്ലാ കളക്ടർ, കോഴിക്കോട്
ഇൻഫർമേഷൻ കേരള മിഷൻ (വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.